**കേരള സർക്കാർ**
**വനിതാ ശിശു വികസന വകുപ്പ്**
**സംയോജിത ശിശു സംരക്ഷണ പദ്ധതി**
**പൂജപ്പുര, തിരുവനന്തപുരം**

# Expression of interest

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് :- വകുപ്പിന്റെ ധനസഹായത്തോടെ കുട്ടികൾക്കു വേണ്ടിയുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച്

വനിതാ ശിശു വികസന വകുപ്പ് മുഖേന ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ പരിഗണനക്ക് എത്തപ്പെടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശപ്രകാരം എത്തപ്പെടുന്ന കുട്ടികൾക്കും വേണ്ടി പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇത്തരം കുട്ടികളിൽ പലരും ശിഥിലമായ കുടുംബ അന്തരീക്ഷം മൂലവും സമപ്രായക്കാരുടെ ദുസ്വാധീനം മൂലവും പല തരത്തിലുള്ള ലഹരിക്ക് അടിമപ്പെട്ടവരും മാനസിക-വൈകാരിയ-പെരുമാറ്റ വൈകല്യങ്ങൾ പ്രകടിപ്പിക്കുന്നവരുമാണ്.

ഇത്തരം കുട്ടികളുടെ പുനരധിവാസത്തിനു വേണ്ടി വകുപ്പിന്റെ സഹായത്തോടെ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് താത്പര്യമുള്ള സംഘടന/ആശുപത്രി അധികൃതരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു

<u>യോഗ്യത</u>

1. അപേക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കേരള മെന്റൽ ഹെൽത്ത് അതോറിറ്റി പ്രതിപാദിച്ചിരുന്ന സൗകര്യങ്ങൾ ഉള്ളവരായിരിക്കണം.
2. സ്ഥാപനത്തിൽ കുട്ടികളെ പാർപ്പിക്കുന്നതിനു വേണ്ടി പ്രത്യേകം കെട്ടിടം ഉണ്ടായിരിക്കണം.
3. കേരള മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ ലൈസൻസ് ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.
4. കുട്ടികളുടെ മാനസിക ശാരീരിക ഉന്നമന മേഖലയിൽ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
5. പ്രവൃത്തി പരിചയം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

**Terms and Conditions**

ലഭിക്കുന്ന അപേക്ഷയിൽ നിന്നും യോഗ്യരായവരെ ഐ.സി.പി.എസ്-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം തെരഞ്ഞെടുക്കുന്നതാണ്.

<u>അപേക്ഷിക്കേണ്ട വിധം:</u>

അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഡയറക്ടർ, ഐ.സി.പി.എസ്, പ്രിൻസസ് ഹെഡ്ക്വാർട്ടേഴ്സിനു എതിർവശം, പൂജപ്പുര തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2018 ഒക്ടോബർ 14 ആണ്.

അപേക്ഷയുടെ കവറിനു പുറത്ത് കുട്ടികൾക്കു വേണ്ടിയുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ എന്ന് രേഖപ്പെടുത്തിയിരിക്കണം.

ഡയറക്ടർ
സംയോജിത ശിശു സംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
ഇ-മെയിൽ : icpskerala@gmail.com
ഫോൺ : 0471-2342235

(ഒപ്പ്)
ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ്

അംഗീകാരത്തോടെ

ADMINISTRATIVE OFFICER
INTEGRATED CHILD PROTECTION SCHEME
WOMEN & CHILD DEVELOPMENT DEPARTMENT
THIRUVANANTHAPURAM